**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 162** **12-10-2026-ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രി കെട്ടിടങ്ങളുടെ തകർച്ച**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഉഷ വിജയൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സമീപകാലത്ത് നിർമ്മിച്ച കെട്ടിടങ്ങൾ തകരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** മെഡിക്കൽ വിദ്യാഭാസ വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയ്ക്ക് കീഴിൽ സമീപ കാലത്ത് നിർമ്മിച്ച പല കെട്ടിടങ്ങളും ചോർന്നൊലിക്കുന്നതായും, അതുമൂലം ആശുപത്രി ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതായുമുള്ള കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ, PWDയിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു പരിശോധന വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** എങ്കിൽ പ്രസ്തുത അന്വേഷണത്തിനായി വിദഗ്ധ സമിതി രൂപീകരിച്ചിരുന്നോ എന്നും സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ് എന്നും സമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമാണ് എന്നും വിശദമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പല കെട്ടിടങ്ങൾക്കും ഘടനാപരമായ തകരാറുകൾ സംഭവിച്ചതിനാൽ കെട്ടിടങ്ങൾ ചോർന്നൊലിച്ച് മെഡിക്കൽ ഉപകരണങ്ങൾക്കും കിടക്കകൾക്കും നാശനഷ്ടം സംഭവിച്ചെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**